സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് ഉദാര വ്യവസ്ഥയിൽ വായ്പ

18 (*285) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ വിജയിച്ച സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് ഉദാര വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി ദേശസാൽകൃത ബാങ്കുകളുമായി സഹകരിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിന്റെ വ്യവസ്ഥകൾ ;

(സി) ഇല്ലെങ്കിൽ പാവപ്പെട്ട വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഇത്തരത്തിലൊരു പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ബാങ്കുകൾ വിദ്യാഭ്യാസ വായ്പ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. സർക്കാർ പുതിയ പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തൽക്കാലം ആലോചനയിലില്ല.

എം. സി. റോഡിന്റെ വികസനത്തിന് പദ്ധതി

19 (*286) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനം സംബന്ധിച്ച് ലോക ബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എം. സി. റോഡ് വികസനം സംബന്ധിച്ച പദ്ധതിക്ക് ലോക ബാങ്കുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നാണ് ;

(സി) എത്ര വർഷം കൊണ്ട് പണി പൂർത്തിയാക്കാമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(ഡി) നിർമ്മാണ പ്രവർത്തനത്തിന്റെ എത്ര ശതമാനം ഇതിനോടകം പൂർത്തിയായിട്ടുണ്ട് ;

(ഇ) കാലാവധിക്കകം നിർമ്മാണം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

(എഫ്) റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ലോകബാങ്ക് സഹായത്തോടെ 600 കി. മീറ്റർ റോഡ് പുതുക്കിപ്പണിയുന്നതിനും 1000 കിലോമീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് കരാർ ആയിട്ടുള്ളത്.

(ബി-എഫ്) എം. സി. റോഡിന്റെ ഉടനീളമുള്ള പുതുക്കിപ്പണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായിട്ടാണ് ഇത് ചെയ്യുന്നത്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പാക്കേജിന്റെയും മൂവാറ്റുപുഴ മുതൽ അങ്കമാലി വരെയുള്ള പാക്കേജിന്റെയും കോൺട്രാക്റ്റുകൾ നൽകി കഴിഞ്ഞു. ബാക്കി ഭാഗങ്ങൾക്കുള്ള കോൺട്രാക്റ്റ് നടപടികൾ നടന്നുവരികയാണ്. സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

റവന്യൂ-വനം ഭൂമിയിൽ വേർതിരിക്കുന്നതിനുള്ള സർവ്വേ

20 (*287) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനംമേഖലയിലെ റവന്യൂ-വനം ഭൂമി വേർതിരിക്കാനുള്ള സർവ്വേ നടത്തി തീരുമാനം പൂർണ്ണമായി നടപ്പാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) വനം മേഖലയിൽ വനം ഭൂമിയും റവന്യൂ ഭൂമിയും വേർതിരിക്കാനുള്ള സർവ്വേ ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടോ ;

(സി) പ്രധാനമായും ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് വനംവകുപ്പും റവന്യൂ വകുപ്പും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. വനം മേഖലയിൽ വനാതിർത്തികൾ വേർതിരിച്ച് അതിർത്തിയിൽ ജണ്ടയിടുന്ന പ്രവർത്തനം അടിയന്തിര പ്രധാന്യം നൽകി നടപ്പിലാക്കിവരികയാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(ബി) വനം മേഖലയിൽ വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിക്കാനുള്ള സർവ്വേ ഈ ഗവൺമെന്റ് വന്നതിനുശേഷവും തുടരുകയാണ്. കൂടതൽ പണം ലഭ്യമാക്കി ജോലി പൂർത്തീകരിക്കാൻ ശ്രമിക്കുന്നു.

(സി) തൃശ്ശൂർ സർക്കിളിൽപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ സർവ്വേ നം. 539-ന്റെ ഭാഗമായി കിടക്കുന്ന 14.3 ഹെക്ടർ സ്ഥലത്തെ സംബന്ധിച്ചും, ഒലവക്കോട് സർക്കിളിലെ,

LIBRARY ARCHIVES Kerala Legislative Assembly